**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 681** **17-09-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വൈദ്യുതിക്ഷാമം സംബന്ധിച്ച് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് പദ്ധതികളുടെ അടങ്കൽ തുക സഹിതം വിശദമാക്കാമോ; ഈ പദ്ധതികൾ നടപ്പിലാക്കിയത് വഴി ഏതൊക്കെ പ്രദേശങ്ങളിലെ വൈദ്യുതി ക്ഷാമത്തിനാണ് പരിഹാരം ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കുറ്റ്യാടി 110 KV സബ്സ്റ്റേഷനിൽ നിന്നും കുറ്റ്യാടി ടൗണിലേക്ക് പുതിയ 11 കെ.വി ഫീഡർ ചാർജ് ചെയ്തു ചാത്തങ്കോട്ടുനട ചെറുകിട വൈദ്യുതി നിലയത്തിൽ നിന്നും ഉള്ള വൈദ്യുതി വിതരണം ചെയ്യുന്നതിന്, ചാത്തങ്കോട്ടുനട മുതൽ കുറ്റ്യാടി സബ്സ്റ്റേഷൻ വരെ ഭൂഗർഭ കേബിൾ വലിക്കുകയും, 110/33 കെ.വി 16 MVA ട്രാൻസ്ഫോർമർ കുറ്റ്യാടി സബ്സ്റ്റേഷനിൽ സ്ഥാപിച്ച് മേൽപ്പറഞ്ഞ ഭൂഗർഭ കേബിൾ വഴി ഗ്രിഡുമായി കണക്ട് ചെയ്യുകയും ചെയ്തു. ചാത്തങ്കോട്ടുനട ചെറുകിട വൈദ്യുതി പദ്ധതിയിൽ നിന്നും രണ്ടു 11 കെ.വി ഫീഡറുകൾ കരിങ്ങാട്, വട്ടിപ്പന ഭാഗത്തേക്ക് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വേണ്ടി സ്ഥാപിച്ചതു മൂലം കുണ്ടുതോട്, തൊട്ടിൽപ്പാലം, കരിങ്ങാട്, വട്ടിപ്പന പരിസരപ്രദേശങ്ങളിൽ വൈദ്യുതി ക്ഷാമത്തിന് പരിഹാരമുണ്ടായി. കുറ്റ്യാടി സബ്സ്റ്റേഷനിൽ നിന്നും പുതിയ 11 കെ.വി ഫീഡർ ചാർജ് ചെയ്തതിലൂടെ കുറ്റ്യാടി ടൗണിലും പരിസരപ്രദേശങ്ങളിലും വൈദ്യുതി ക്ഷാമം പരിഹരിക്കപ്പെട്ടു. കൂടാതെ തിരുവള്ളൂർ സബ്സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന രണ്ട് 33/11kV 5MVA ട്രാൻസ്ഫോർമറുകൾ 33/11kV 8MVA ആക്കി ശേഷി ഉയർത്തിയിട്ടുമുണ്ട്. (അടങ്കൽ തുക - 2 കോടി രൂപ).<br><br>കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കുറ്റ്യാടി, കുന്നുമ്മൽ, നാദാപുരം, വില്യാപ്പള്ളി, മണിയൂർ, വേളം, തിരുവള്ളൂർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലെ വൈദ്യുതി ക്ഷാമം പരിഹരിക്കാനായി കൈക്കൊണ്ട നടപടികൾ സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.<br><br>**സാമ്പത്തിക വർഷം 2021-22** |

ദ്യുതി 1 പദ്ധതിയിൽ ഉൾപ്പെടുത്തി 100 kVA ട്രാൻസ്ഫോമർ നാലെണ്ണം സ്ഥാപിക്കുകയും, എട്ട് 100 kVA ട്രാൻസ്ഫോർമറുകളുടെ ശേഷി 160 kVA ആക്കി മാറ്റുകയും, 3.58 കിലോമീറ്റർ 11 കെ വി ലൈനും, 18.36 കിലോമീറ്റർ 3ഫേസ് ലൈനും, 5.82 കിലോമീറ്റർ എച്ച്.ടി. എ.ബി.സി. കേബിളുകളും സ്ഥാപിക്കുകയും ചെയ്തു. 13.74 കിലോമീറ്റർ 11 കെ.വി ലൈൻ റീകണ്ടക്ടറിങ്ങ് ചെയ്യുകയും ചെയ്തു.

അനുബന്ധ പ്രവൃത്തികൾ ഉൾപ്പെടെയുള്ള ഇതിന്റെ അടങ്കൽ തുക 289.87 ലക്ഷം രൂപയാണ്.

**സാമ്പത്തിക വർഷം 2022-23**

ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി 25 kVA ട്രാൻസ്ഫോമർ (ഒരെണ്ണം) 63 kVA ട്രാൻസ്ഫോർമർ (ഒരെണ്ണം), 250 kVA ട്രാൻസ്ഫോർമർ (ഒരെണ്ണം) 100 kVA ട്രാൻസ്ഫോർമർ (നാലെണ്ണം) സ്ഥാപിക്കുകയും, നാല് 100 kVA ട്രാൻസ്ഫോർമറുകളുടെ ശേഷി 160 kVA ആക്കി മാറ്റുകയും ചെയ്തു. കൂടാതെ 3.14 കിലോമീറ്റർ എച്ച്.ടി. എ.ബി.സി. യും, 1 കിലോമീറ്റർ എച്ച്.ടി. കവചിത കണ്ടക്ടറും, 3.52 കിലോമീറ്റർ 11 കെവി ബെയർ കണ്ടക്ടർ ലൈനും, 0.8 കിലോമീറ്റർ എച്ച്.ടി.യു ജി കേബിളും, 8 കിലോമീറ്റർ എൽ.ടി. എ.ബി.സി. കേബിളും, 1.3 കിലോമീറ്റർ എൽ.ടി. കവചിത കണ്ടക്ടറും, 64 കിലോമീറ്റർ എൽ. ടി. OH ലൈനും പുതുതായി സ്ഥാപിച്ചു, ഇതു കൂടാതെ 1 കിലോമീറ്റർ എച്ച്.ടി. O H ലൈൻ എ.ബി.സി. ലൈൻ ആക്കുകയും, 1.7 കിലോമീറ്റർ എച്ച്. ടി. ലൈൻ കവചിത കണ്ടക്ടർ ലൈൻ ആക്കുകയും, 3.3 കിലോമീറ്റർ എൽ.ടി. ലൈൻ കവചിത കണ്ടക്ടർ ആക്കുകയും, 20 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കുകയും ചെയ്തു. ഇത് പൂർത്തീകരിക്കാൻ വേണ്ടി വന്ന മൊത്തം അടങ്കൽ തുക 440.76 ലക്ഷം രൂപയാണ്.

**സാമ്പത്തിക വർഷം 2023-24**

ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി 100 kVA ട്രാൻസ്ഫോമർ (അഞ്ചെണ്ണം), 3.7 കിലോമീറ്റർ എച്ച്.ടി. എ.ബി.സി. ലൈൻ, 3.8 കിലോമീറ്റർ എച്ച്.ടി. കവചിത കണ്ടക്ടർ ലൈൻ, 0.8 കിലോമീറ്റർ എച്ച്.ടി. യുജി കേബിൾ, 5.74 കിലോമീറ്റർ എൽ. ടി. എ. ബി. സി. ലൈൻ എന്നിവ പുതുതായി സ്ഥാപിച്ചു. കൂടാതെ 0.93 കിലോമീറ്റർ എച്ച്.ടി. ലൈൻ എ.ബി.സി. ആക്കിയും, 1.04 കിലോമീറ്റർ എച്ച്.ടി. ലൈൻ കവചിത കണ്ടക്ടർ ആക്കിയും, 7.9 കിലോമീറ്റർ എൽ.ടി. ലൈൻ കവചിത കണ്ടക്ടർ ആക്കിയും, 4.4 കിലോമീറ്റർ എൽ.ടി.

| | | | |
|---|---|---|---|
| | | | സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കിയും മാറ്റി. കൂടാതെ നാലു ട്രാൻസ്ഫോർമറുകളുടെ ശേഷി 100kVA നിന്ന് 160 kVA ആക്കുകയും ചെയ്തു. 24 കിലോമീറ്റർ എൽ.ടി. ലൈൻ റീകണ്ടക്റ്ററിങ്ങ് ചെയ്തു. ഇത് പൂർത്തീകരിക്കാൻ വേണ്ടി വന്ന മൊത്തം അടങ്കൽ തുക 408.54 ലക്ഷം രൂപയാണ്.<br><br>**സാമ്പത്തിക വർഷം 2024-25**<br><br>ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി 100 kVA ട്രാൻസ്ഫോർമർ (മൂന്നെണ്ണം), 1.48 കിലോമീറ്റർ എച്ച്.ടി. എ.ബി.സി. ലൈൻ, 1.1 കിലോമീറ്റർ എച്ച്.ടി. ബെയർ കണ്ടക്റ്റർ, 0.052 കിലോമീറ്റർ എച്ച്.ടി. യു ജി കേബിൾ 0.082 കിലോമീറ്റർ എൽ.ടി. ബെയർ കണ്ടക്റ്റർ എന്നിവ പുതുതായി സ്ഥാപിച്ചു. കൂടാതെ 0.028 കിലോമീറ്റർ എച്ച്.ടി. ലൈൻ എ.ബി.സി. ആക്കിയും, 0.087 കിലോമീറ്റർ എച്ച്.ടി. ലൈൻ കവചിത കണ്ടക്റ്ററാക്കിയും മാറ്റി. 5 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിച്ചു. 12.32 കിലോമീറ്റർ എൽ.ടി. ലൈൻ റീ കണ്ടക്റ്ററിങ്ങ് ചെയ്തു. ഇത് പൂർത്തീകരിക്കാൻ വേണ്ടി വന്ന മൊത്തം അടങ്കൽ തുക 267.87 ലക്ഷം രൂപയാണ്. |

സെക്ഷൻ ഓഫീസർ